**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

ജീവനക്കാര്യം - വിവരാവകാശ ആക്ട് 2005 - അപ്പീൽ അധികാരി, സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റൻറ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ എന്നിവരെ നിയമിച്ച് ഉത്തരവാകുന്നു.

---

**ഭരണവിഭാഗം എ സെക്ഷൻ**

അഡ്മിൻ /എഡി എ3/20013/2018 തീയതി: 28.09.2021

---

പരാമർശം:-11-02-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്

**ഉത്തരവ്**

1. മേൽ പരാമർശം പ്രകാരം, സർവകലാശാലയിലെ വിവിധ ബ്രാഞ്ചുകളിൽ വിവരാവകാശ ആക്ട് 2005 പ്രകാരമുള്ള അപ്പീൽ അധികാരി, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിഭാഗങ്ങളിൽ ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ റിട്ടയർമെന്റ്, പ്രമോഷൻ, സ്ഥലം മാറ്റം എന്നിവ മൂലം മാറിയിട്ടുള്ളതിനാൽ പ്രസ്തുത ചുമതലകളിൽ പകരം ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതുണ്ട്. അപ്പീൽ അധികാരി, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിഭാഗങ്ങളിൽ ചുമതലപ്പെടുത്തപ്പെടുന്ന ഉദ്യോഗസ്ഥർ റിട്ടയർമെന്റ്, പ്രമോഷൻ, സ്ഥലം മാറ്റം എന്നിവ മൂലം മാറിവരുന്നത് വിവരാവകാശ ആക്ട് പ്രകാരമുള്ള അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമായി വരുന്നുണ്ട്.
2. മേൽ വിഷയം പരിശോധിച്ച് വൈസ്-ചാൻസിലർ നൽകിയ അനുമതി പ്രകാരം താഴെ ചേർത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.
   i. വിവരാവകാശ ആക്ട് 2005 പ്രകാരം അപ്പീൽ അധികാരി, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഇനി ചുമതലകൾ നിർവഹിക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ രേഖപ്പെടുത്തിയ സർവകലാശാല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.
   ii. അനുബന്ധ പട്ടികയിൽ നിയമിക്കപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ അഭാവത്തിൽ അതാത് ബ്രാഞ്ചുകളിൽ/ഓഫീസുകളിൽ നിയമിക്കപ്പെട്ട അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നിയമാനുസൃത ചുമതല വഹിക്കേണ്ടതാണ്.
   iii. അനുബന്ധ പട്ടികയിൽ നിയമിക്കപ്പെട്ട അപ്പീൽ അധികാരി/സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റൻറ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, അവരുടെ സർവകലാശാലയിലെ നിശ്ചിക്കപ്പെട്ട ഒദ്യോഗിക പദവിയിൽ നിന്നും റിട്ടയർമെന്റ്, പ്രമോഷൻ, സ്ഥലം മാറ്റം മുതലായ കാരണങ്ങളാൽ മാറ്റപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത ഒദ്യോഗിക പദവികളിൽ പകരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ അതത് ബ്രാഞ്ചുകളിൽ/ഓഫീസുകളിൽ അപ്പീൽ അധികാരി/സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റൻറ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ ആയി നിയമിക്കപ്പെടുന്നതും തദനുസൃതമായി നിയമാനുസൃത ചുമതല വഹിക്കേണ്ടതുമാണ്.
3. മേൽ പരാമർശം പ്രകാരമുള്ള സർവ്വകലാശാലാ ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.
4. ഉത്തരവുകൾ യഥാവിധി പുറപ്പെടുവിച്ചിരിക്കുന്നു.

ഒപ്പ്/-

**മുഹമ്മദ് ഇ.വി. പി**

**ജോയിന്റ് രജിസ്ട്രാർ (എ ഡി)**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
2. വിവരാവകാശ വിഭാഗം
3. ഡയറക്ടർ, ഐ.ടി സെൽ

പകർപ്പ്: PS to VC, PA to PVC/R/FO/CE
JD KSAD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ